ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) വയനാട്, മാനന്തവാടി
ഫോൺ നം..04935 240390 ഇ-മെയിൽ: dmowyd.hsd@kerala.gov.in GSTIN: 32AAAGD2394B1Z1

നം.എ5/2772/2023/ജി.മെ.ഒ.(ആ)വ          തീയതി.      12/2024

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം:- ആരോഗ്യവകുപ്പ്-ശ്രീമതി.സൗമ്യ.എ. ജൂനിയർ പബ്ലിക്ഹെൽത്ത് നഴ്സ്,ഗ്രേഡ്11, പി.എച്ച്.സി.പാക്കം- അച്ചടക്കനടപടി-കുറ്റാരോപണ മെമ്മോ - സംബന്ധിച്ച്

സൂചന - 1. കത്ത് നം.212/2023/പി.എച്ച്.സി.പാക്കം തീയതി.25.09.2023
2. കത്ത് നം.281/2023/പി.എച്ച്.സി.പാക്കം തീയതി.18/10/2024
3. 19/11/2023 ലെ ഇതേ നം. കുറ്റാരോപണ മെമ്മോ
4. 20/03/2024 ലെ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്കുള്ള കത്ത്

ശ്രീമതി.സൗമ്യ.എ. എന്ന താങ്കൾ പാക്കം പി.എച്ച്.സി.യിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ആയി ജോലി ചെയ്തു വരുവെ 29/05/2023 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നതായി സൂചന (1), (2) പ്രകാരം പി.എച്ച്.സി. പാക്കം മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന് താങ്കൾക്ക് സൂചന ( 3 ) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. എന്നാൽ ആയത് താങ്കൾ കൈപ്പറ്റാത്തതിനാൽ സൂചന ( 4 ) പ്രകാരം പത്രപ്പരസ്യം നൽകുകയുമുണ്ടായി. ടി കുറ്റാരോപണ മെമ്മോക്ക് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. ജീവനക്കാർ സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നത് വകുപ്പിന്റെ പ്രവർത്തനത്തെ താറുമാറാക്കുകയും ജനങ്ങൾക്ക് അർഹമായ സേവനം ലഭ്യമാക്കുന്നതിന് തടസ്സമാകുകയും കൂടാതെ ഇത്തരം ജീവനക്കാരെ സർവ്വീസിൽ തുടരാനനുവദിക്കുന്നത് സേവന തൽപരരായ അർഹരായ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 15 വിവക്ഷിക്കുന്ന സുദീർഘമായ അച്ചടക്ക നടപടികളിലെ വ്യവസ്ഥാനുക്രമങ്ങൾ പാലിച്ച് താങ്കളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യാൻ താൽക്കാലികമായി തീരുമാനിക്കുന്നു.

ടി തീരുമാനത്തിന് എതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച 1 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദീകരണം താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

0114933
GOVERNMENT OF KERALA

ഈ വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

Signed by
Dineesh P
Date: 30-12-2024 13:56:11

ജില്ലാമെഡിക്കൽ ഓഫീസർ(ആരോഗ്യം) I/C
വയനാട്

സ്വീകർത്താവ്

ശ്രീമതി.സൗമ്യ.എ.
ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്
പി.എച്ച്.സി.പാക്കം
(സ്ഥാപന മേധാവി മുഖേന)

പകർപ്പ്

1. മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. പാക്കം
(രണ്ട് പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പിൽ കുറ്റാരോപിതന്റെ തീയതിയോട് കൂടിയ കൈയ്യൊപ്പ് ചാർത്തി തിരിച്ചയക്കേണ്ടതാണ്)

2. കരുതൽ ഫയൽ



GOVERNMENT OF KERALA